# ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം
# (ഹാജർ : സുരേഷ് എം.എസ്)

വിഷയം :- ഭരണജാഗ്രത -വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് ക്ലാർക്ക് - ശ്രീ.റ്റി.ആർ.സജീവിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം :-
1. കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 17.03.2015 ലെ എ 2- 912/15 നമ്പർ കത്ത്.
2. ഈ ഓഫീസിലെ 24.03.2015 ലെ ബി1 – 1487/15 നമ്പർ കുറ്റാരോപണ മെമ്മോ
3. ശ്രീ. റ്റി.ആർ. സജീവിന്റെ എതിർവാദപത്രിക
4. ഈ ഓഫീസിലെ 27.04.2015 ലെ ബി1-1487/15 നമ്പർ കത്ത്
5. കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.05.15 ലെ നേർമൊഴി
6. ഈ ഓഫീസിലെ 08.05.2015, 17.06.2015 തീയതികളിലെ ബി1-1487/15 നമ്പർ കാരണം കാണിക്കൽ നോട്ടീസ്
7. ഈ ഓഫീസിലെ 13.08.15, 18.08.15, 02.05.16, 29.06.16 തീയതികളിലെ ബി1-1487/15 നമ്പർ കത്ത്
8. ശ്രീ.റ്റി.ആർ.സജീവിന്റെ 18.07.16 ലെ മാപ്പപേക്ഷ.
9. ഈ ഓഫീസിലെ 08.08.2016 ലെ എ 3-10410/11 നമ്പർ ഉത്തരവ്.
10. വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25.08.2016 ലെ ജി2-1555/10 നമ്പർ കത്ത്.
11. ഈ ഓഫീസിലെ 26.12.2016 ലെ ബി1- 1487/15 നമ്പർ കത്ത്.
12. വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03.01.2017 ലെ ജി2-1555/10 നമ്പർ കത്ത്.
13. ഈ ഓഫീസിലെ 17.01.2017 ലെ ബി1- 1487/15 നമ്പർ കുറ്റാരോപണ മെമ്മോ.
14. ഈ ഓഫീസിലെ 07.02.2017 ലെ ബി1- 1487/15 നമ്പർ കാരണം കാണിക്കൽ നോട്ടീസ്
15. ശ്രീ.റ്റി.ആർ.സജീവിന്റെ 22.02.17 ലെ വിശദീകരണം
16. ഈ ഓഫീസിലെ 28.02.2017 ലെ ബി1-1487/15 നമ്പർ കത്ത്.
17. ഈ ഓഫീസിലെ 24.03.17 ലെ ബി1-1487/15 നമ്പർ ഉത്തരവ്.
18. പഞ്ചായത്ത് അസിസ്റ്റൻറ് ഡയറക്ടർ, ഇടുക്കിയുടെ 22.04.2017 ലെ പി5-696/17 നമ്പർ കത്ത്.
19. ഈ ഓഫീസിലെ 11.05.2017 ലെ ബി1- 1487/15 നമ്പർ കത്ത്.
20. ശ്രീ.റ്റി.ആർ.സജീവിന്റെ 22.05.17 ലെ നേർമൊഴിയും മാപ്പപേക്ഷയും
21. കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.05.2017 ലെ എ 2-1363/15 നമ്പർ കത്ത്.
22. ഈ ഓഫീസിലെ 21.06.2010 ലെ ബി1-4097/10 നമ്പർ ഉത്തരവ്.
23. ഈ ഓഫീസിലെ 10.09.2013 ലെ ബി1-1586/13 നമ്പർ ഉത്തരവ്.
24. ഈ ഓഫീസിലെ 16.08.2014 ലെ ബി4-1586/13 നമ്പർ ഉത്തരവ്.

## ഉത്തരവ് നമ്പർ : ബി1-1487/2015 തീയതി :19.07.2017

ഇടുക്കി ജില്ലയിലെ കാന്തല്ലൂർ ഗ്രാമപഞ്ചായത്തിൽ ക്ലാർക്കായി ജോലി നോക്കിവരവേ ശ്രീ.റ്റി.ആർ സജീവ് എന്ന വ്യക്തി അനധികൃതമായി ഓഫീസിൽ ഹാജരാകുന്നില്ല എന്ന പരാമർശം (1) പ്രകാരമുള്ള കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ

ശ്രീ.റ്റി. ആർ.സജീവിനെതിരെ പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു. കുറ്റപത്രത്തിന് ശ്രീ.റ്റി.ആർ.സജീവ് സമർപ്പിച്ച എതിർവാദപത്രികയിൽ നേരിൽ കേൾക്കാൻ അവസരം നൽകണമെന്ന് അപേക്ഷിച്ചിരുന്നു. ടിയാന്റെ അപേക്ഷ പരിഗണിച്ച് നേർ വിചാരണയ്ക്കായി ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ 05.05.2015 തീയതിയിൽ ഹാജരാകുന്നതിന് നിർദേശം നൽകി കൊണ്ട് പരാമർശം (4) പ്രകാരം ടിയാന് അറിയിപ്പ് നൽകിയിരുന്നു. അന്നേ ദിവസം തന്നെ കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും ഹാജരാകുന്നതിന്. നിർദേശിച്ചിരുന്നു. പ്രസ്തുത ദിവസം ശ്രീ.റ്റി.ആർ.സജീവ് ഹാജരായിരുന്നില്ല. അന്നേ ദിവസം ഹാജരായ കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം (5) പ്രകാരമുള്ള നേർമൊഴിയിൽ ശ്രീ .റ്റി.ആർ.സജീവ് സമർപ്പിച്ച എതിർവാദ പത്രികയിൽ സൂചിപ്പിച്ചിട്ടുള്ള കാരണങ്ങൾ വാസ്തവവിരുദ്ധമാണെന്നും പരിഗണനാർഹമല്ലെന്നും അറിയിച്ചിരുന്നു.

ശ്രീ.റ്റി.ആർ.സജീവ് പലതവണ അച്ചടക്കനടപടി നേരിടുകയും നിരന്തരം തെറ്റുകൾ ആവർത്തിക്കുകയും ചെയ്യുന്നതിനാൽ ടിയാനെ "സർവ്വീസിൽ നിന്നും നീക്കം ചെയ്യുക" എന്ന ശിക്ഷ താത്ക്കാലികമായി തീരുമാനിച്ച് പരാമർശം (6) ലെ 08/05/2015 തീയതിയിൽ കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ആയത് ടിയാൻ കൈപ്പറ്റാതെ unclaimed and returned to sender എന്ന തപാൽ അധികൃതരുടെ കുറിപ്പോടുകൂടി മടങ്ങിയതിനാൽ ദിനപ്പത്രത്തിലും ഔദ്യോഗിക വെബ് സൈറ്റിലും പ്രസിദ്ധപ്പെടുത്തുന്നതിന് പരാമർശം (6), ലെ 17.06.15 തീയതിയിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുക എന്ന ശിക്ഷ താത്ക്കാലികമായി തീരുമാനിച്ചത് പരാമർശം (7) ലെ 13.08.15, 18.08.15 തീയതികളിൽ പബ്ലിക് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പ് ഡയറക്ടർ, ഐ.കെ.എം ഡയറക്ടർ എന്നിവർക്ക് കത്ത് നൽകുകയും ചെയ്തിരുന്നു. ആയത് 2015 സെപ്റ്റംബർ 13 ലെ ദീപിക ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച് വന്നിട്ടുള്ളതാണ് . എന്നാൽ ടിയാന്റെ ഭാഗത്ത് നിന്ന് യാതൊരു പ്രതികരണവുമുണ്ടായില്ല . ടിയാനെതിരെ പുറപ്പെടുവിച്ച താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതിന് മുമ്പായി എന്തെങ്കിലും കാരണം ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയതിന് ഒരവസരം 12.05.2016 ൽ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ എത്തി ബോധിപ്പിക്കുന്നതിന് പരാമർശം (7) ലെ 02/05/2016 തീയതിയിൽ കത്ത് നൽകിയിരുന്നു . എന്നാൽ പ്രസ്തുത ദിവസം ടിയാൻ ഹാജരായിരുന്നില്ല എന്നാൽ ആയതിനുള്ള കാരണം ബോധിപ്പിക്കുകയും ചെയ്തിട്ടില്ലാത്തതാണ് . തുടർന്ന് ഈ കാര്യാലയത്തിൽ നിന്നും നേരിൽ കേൾക്കുന്നതിനായി ഒരവസരം കൂടി നൽകികൊണ്ട് പരാമർശം (7) ലെ 29.06.2016 തീയതിയിൽ ശ്രീ.റ്റി.ആർ.സജീവിന് കത്ത് നൽകിയിരുന്നു.

ശ്രീ.റ്റി.ആർ.സജീവ് 29.06.2016 ലെ ടി കാര്യാലയത്തിലെ അറിയിപ്പ് പ്രകാരം നിശ്ചയിച്ചിരുന്ന 18.07.2016 ൽ ഈ കാര്യാലയത്തിൽ നേരിൽ കേൾക്കുന്നതിനായി ഹാജരായിരുന്നു. ടിയാന്റെ കുടുംബജീവിതത്തിലുണ്ടായ പ്രശ്നങ്ങൾ മൂലം ഔദ്യോഗികകാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുന്നതിന് സാധിച്ചില്ലെന്നും തന്റെ കുടുംബജീവിതം മുന്നോട്ട് കൊണ്ടു പോകുന്നതിന് ടി ജോലി തനിക്ക് അത്യാവശ്യമാണെന്നും തുടർന്ന് തന്റെ ജോലികൾ കൃത്യതയോടും ഓഫീസ് കാര്യങ്ങളിൽ യാതൊരു കൃത്യവിലോപവും കാണിക്കുകയില്ലെന്നും തന്നിൽ നിന്നുമുണ്ടായ കൃത്യവിലോപം മാപ്പാക്കി ജോലിയിൽ പ്രവേശിപ്പിക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തിരുന്നു . പരാമർശം (8) പ്രകാരമുള്ള ടിയാന്റെ മാപ്പപേക്ഷ അനുഭാവ പൂർവം പരിഗണിച്ച് മാനുഷിക പരിഗണന നൽകി ടിയാനെ സർവ്വീസിൽ പുന: പ്രവേശിപ്പിക്കുവാൻ തീരുമാനിക്കുകയും പരാമർശം (9) പ്രകാരം ശ്രീ.റ്റി.ആർ.സജീവിന് വീട്ടിൽ നിന്ന് ജോലിക്ക് പോയി വരത്തക്ക രീതിയിൽ ഏകദേശം 20 കിലോമീറ്റർ ദൂരപരിധിയിലുള്ള വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിലേക്ക് അച്ചടക്കനടപടികൾക്കുവിധേയമായി സ്ഥലംമാറ്റി നിയമിക്കുകയും ചെയ്തിരുന്നു.

വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പരാമർശം (10) പ്രകാരമുള്ള കത്ത് മുഖേന ശ്രീ.റ്റി.ആർ.സജീവ് ഈ കാര്യാലയത്തിലെ പരാമർശം (9) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ 11.08.2016 പൂർവ്വാഹ്നം ജോലിയിൽ പ്രവേശിച്ച് അന്നേ ദിവസം അപരാഹ്നം മുതൽ നാളിതുവരെയും ഓഫീസിൽ ഹാജരായിട്ടില്ലായെന്ന് അറിയിച്ചിരുന്നു . ശ്രീ.റ്റി.ആർ.സജീവ് ഏതെങ്കിലും തരത്തിലുള്ള അവധി അപേക്ഷ സമർപ്പിക്കുകയോ അവധി അനുവദിച്ച് നൽകുകയോ ചെയ്തിട്ടുണ്ടോയെന്ന് പരാമർശം (11) പ്രകാരം ഈ കാര്യാലയത്തിൽ നിന്നും വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആരാഞ്ഞിരുന്നു. എന്നാൽ ടിയാൻ യാതൊരുവിധ അവധി അപേക്ഷയും ഓഫീസിൽ സമർപ്പിക്കുകയോ അവധി അനുവദിച്ച് നൽകുകയോ ചെയ്തിട്ടില്ലെന്ന് പരാമർശം (12) പ്രകാരം സെക്രട്ടറി അറിയിച്ചു. ആയതിനെ തുടർന്ന് ടിയാനെതിരെ വീണ്ടും അച്ചടക്കനടപടികളുടെ ഭാഗമായി പരാമർശം (13) പ്രകാരം കുറ്റപത്രം നൽകുകയും ആയതിന് സമയബന്ധിതമായി എതിർവാദപത്രിക സമർപ്പികുകയോ ആയതിനുള്ള കാരണം ബോധിപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ വീണ്ടും അതേ തെറ്റുകൾ ആവർത്തിക്കുകയും ചെയ്യുന്നതിനാൽ "സർവ്വീസിൽ നിന്നും നീക്കം ചെയ്യുക" എന്ന ശിക്ഷ താത്ക്കാലികമായി തീരുമാനിച്ച് കൊണ്ടുള്ള പരാമർശം (14) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ടി കാരണം കാണിക്കൽ നോട്ടീസിന് ടിയാന്റെ പരാമർശം (15) പ്രകാരമുള്ള മറുപടിയിൽ ശാരീരികവും , മാനസികവുമായ പ്രശ്നങ്ങൾ കാരണമാണ് ജോലിക്ക് ഹാജരാകാതിരുന്നതെന്നും തന്റെ ജോലികൾ കൃത്യതയോടെ ചെയ്യുമെന്നും ഓഫീസിൽ കൃത്യമായും ഹാജരായി കൊള്ളാമെന്നും ഒരവസരം കൂടി നൽകണമെന്നും മേലിൽ വീഴ്ച വരുത്തിയാൽ തന്നെ

ജോലിയിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണെന്നാണ് അറിയിച്ചിരുന്നത്.

ശ്രീ.റ്റി.ആർ.സജീവ് പരാമർശം (15) പ്രകാരം നൽകിയ വിശദീകരണത്തിൽ നേരിൽ കേൾക്കുന്നതിന് ഒരവസരം നൽകണമെന്ന് അപേക്ഷിച്ചിരുന്നു. ആയത് പരിഗണിച്ച് ടിയാനെ നേരിൽ കേൾക്കുന്നതിനായി 15.03.2017 തീയതിയിൽ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ ഹാജരാകുന്നതിന് നിർദേശം നൽകികൊണ്ട് പരാമർശം (16) പ്രകാരം കത്ത് നൽകിയിരുന്നുവെങ്കിലും അന്നേ ദിവസം ടിയാൻ ഹാജരായിരുന്നില്ല . ടിയാന്റെ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ ടി വിഷയത്തിൽ ഒരു ഔപചാരിക അന്വേഷണം അനിവാര്യമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരമുള്ള അന്വേഷണം നടത്തുന്നതിന് ഇടുക്കി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥയായി ചുമതലപ്പെടുത്തികൊണ്ട് പരാമർശം (17) പ്രകാരം ഉത്തരവായിരുന്നു.

ഇടുക്കി പഞ്ചായത്ത് അസിസ്റ്റൻറ് ഡയറക്ടർ പരാമർശം (18) പ്രകാരം സമർപ്പിച്ച അന്വേഷണറിപ്പോർട്ടിൽ അന്വേഷണത്തിന്റെ ഭാഗമായി ശ്രീ.റ്റി.ആർ.സജീവിനെ നേരിൽ കേൾക്കുന്നതിനായി ടിയാന് അറിയിപ്പ് നൽകിയെങ്കിലും ടിയാൻ ഹാജരായിരുന്നില്ലായെന്നും എന്നാൽ ടിയാൻ തൊട്ടടുത്ത ദിവസം ഹാജരായി നിശ്ചയിച്ച സമയത്ത് ഹാജരാകാൻ സാധിച്ചില്ലെന്നും ഒരവസരം കൂടി നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ടെന്നും ടിയാന് ഒരവസരം കൂടി നൽകാവുന്നതാണെന്നും ശുപാർശ ചെയ്തിരുന്നു. ഈ കാര്യാലയത്തിൽ നിന്നും നേരിൽ കേൾക്കുന്നതിന് ഒരവസരം നൽകിയിട്ടും ഹാജരാകാതിരുന്ന ടിയാന് അന്വേഷണ ഉദ്യോഗസ്ഥയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നേരിൽ കേൾക്കുന്നതിനായി 22.05.2017 ൽ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ ഹാജരാകുന്നതിന് നിർദേശം നൽകികൊണ്ട് വിശദമായ കത്ത്, അന്വേഷണ ഉദ്യോഗസ്ഥയുടെ റിപ്പോർട്ടിന്റെ പകർപ്പ് , സ്റ്റേറ്റ്മെന്റും സഹിതം പരാമർശം (19) പ്രകാരം നൽകിയിരുന്നു. 22.05.2017 ൽ ശ്രീ.റ്റി.ആർ.സജീവ് നേരിൽ ഹാജരായി പരാമർശം (20) പ്രകാരം നൽകിയ അപേക്ഷയും നേർമൊഴിയും പരിശോധിച്ചതിൽ ടിയാൻ കാന്തല്ലൂർ ഗ്രാമപഞ്ചായത്തിൽ അനധികൃതമായി ഹാജരാകാതിരുന്നതിന് നൽകിയ അതേ മൊഴി തന്നെയാണ് വീണ്ടും ആവർത്തിച്ചിരിക്കുന്നത്. ആയതിനാൽ ടിയാന്റെ നേർമൊഴിയും അപേക്ഷയും പരിഗണനാർഹമല്ല.

ശ്രീ.റ്റി.ആർ.സജീവിന്റെ സേവനപുസ്തകം കാന്തല്ലൂർ ഗ്രാമപഞ്ചായത്തിൽ തന്നെയാണ് ഉള്ളതെന്നതിനാൽ സേവനപുസ്തകം ഈ കാര്യാലയത്തിൽ ഹാജരാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദേശം നൽകിയിരുന്നു. കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (21) പ്രകാരം ശ്രീ.റ്റി.ആർ.സജീവിന്റെ സേവനപുസ്തകം ഹാജരാക്കിയിരുന്നു . സേവനപുസ്തകം

പരിശോധിച്ചതിൽ നിന്നും ടിയാനെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്തുകൊണ്ടുള്ളതും, ഒന്നിൽ കൂടുതൽ തവണ വാർഷികശമ്പളവർദ്ധനവ് തടഞ്ഞുകൊണ്ടുള്ളതുമായ യഥാക്രമം പരാമർശം 22, 23, 24 ഉത്തരവുകൾ രേഖപ്പെടുത്തിയിട്ടുള്ളതായും കാണുന്നു. മേൽ പരാമർശിച്ച ശിക്ഷകൾക്കുള്ള കാരണമെന്തെന്ന് അറിയുന്നതിലേക്കായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചു . വണ്ണപ്പുറം ഗ്രാമപഞ്ചായത്തിൽ ക്ലാർക്കായി സേവനം നോക്കവേ രസീത് ബുക്കിൽ തീയതി രേഖപ്പെടുത്താതെ നികുതി ഇനത്തിൽ പിരിച്ച തുക അപഹരിക്കുകയും ഓഫീസ് ഉത്തരവ് പ്രകാരം ഏൽപ്പിച്ച ജോലികളിൽ വീഴ്ച വരുത്തിയതിനും , അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുകയും ചെയ്തതിനെ തുടർന്നാണ് പരാമർശം (22) ഉത്തരവ് പ്രകാരം സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നത്. മേൽ വിവരിച്ച കുറ്റങ്ങൾ ചുമത്തി അച്ചടക്കനടപടി ആരംഭിക്കുകയും ആയത് ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞ് കൊണ്ട് ഈ കാര്യാലയത്തിലെ 22.02.2012 തീയതിയിലെ ബി1-4097/11 നമ്പർ പ്രകാരം ഉത്തരവായിരുന്നു.

വണ്ണപ്പുറം ഗ്രാമപഞ്ചായത്തിൽ നിന്നും ഇടുക്കി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റി നിയമിച്ചിരുന്ന ടിയാൻ ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിയിലുണ്ടായിരുന്ന ദിവസം ലഭ്യമായ 12486/- രൂപ അപഹരിക്കുകയും തുടർന്ന് ഓഫീസിൽ ഹാജരാകാതിരിക്കുകയും ചെയ്തതിനെ തുടർന്ന് അച്ചടക്കനടപടി ആരംഭിക്കുകയും ആയത് പരാമർശം (23) പ്രകാരം രണ്ട് വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞ്കൊണ്ട് തീർപ്പാക്കുകയും ചെയ്തിരുന്നു . ടി ഗ്രാമപഞ്ചായത്തിൽ നിന്നും ശ്രീ .റ്റി.ആർ.സജീവിനെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റിയിരുന്നു. എന്നാൽ ടിയാൻ 12.03.2013 തീയതിയിൽ ടി ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിക്കുകയും തുടർന്ന് അനധികൃത ഹാജരില്ലായ്മയിൽ തുടർന്നതിനാൽ വീണ്ടും അച്ചടക്കനടപടികൾ ആരംഭിച്ച് ആയത് പരാമർശം (24) പ്രകാരം ടിയാന്റെ രണ്ട് വാർഷിക ശമ്പള വർദ്ധനവുകൾ സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞ്കൊണ്ട് തീർപ്പാക്കുകയും ചെയ്തിട്ടുള്ളതാണ്.

വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിൽ ഹാജരാകാതിരുന്നതിന് ശ്രീ.സജീവ് പരാമർശം (15) പ്രകാരം നൽകിയ വിശദീകരണത്തിൽ പരാമർശിച്ചിരിക്കുന്ന സാഹചര്യമായിരുന്നെങ്കിൽ ആയത് ബന്ധപ്പെട്ട അധികാരിയെ അറിയിക്കുകയോ ആയതിന് വേണ്ട യാതൊരുവിധത്തിലുമുള്ള അവധി അപേക്ഷ(മെഡിക്കൽ സർട്ടിഫിക്കറ്റോടുകൂടിയ അവധി അപേക്ഷയോ , ശൂന്യവേതനാവധി അപേക്ഷയോ)സമർപ്പിക്കുകയും ചെയ്തിട്ടില്ല. “സർവ്വീസിൽ നിന്നും നീക്കം ചെയ്യുക" എന്ന ശിക്ഷ താത്ക്കാലികമായി തീരുമാനിച്ചുകൊണ്ടുള്ള നടപടി വരെ നേരിട്ട ടിയാന് മാപ്പപേക്ഷയുടെ അടിസ്ഥാനത്തിൽ സൌകര്യപ്രദമായി വീട്ടിൽ നിന്നും ദിവസേന പോയി വരത്തക്കരീതിയിൽ ഒരു ഓഫീസിലേക്ക് നിയമനം നൽകിയ അവസരം പ്രയോജനപ്പെടുത്താതെ നിയമനാധികാരിയോട് കടുത്ത അവഹേളനവും അച്ചടക്കരാഹിത്യവുമാണ് കാണിച്ചിട്ടുള്ളത് . ആയതിനാൽ നിലവിൽ

ടിയാൻ നൽകിയ നേർമൊഴിയും മാപ്പപേക്ഷയും വിശ്വാസയോഗ്യമല്ലെന്ന് കണ്ടും അനധികൃത ഹാജരില്ലായ്മ, പണാപഹരണം , കൃത്യനിർവ്വഹണത്തിലെ വീഴ്ച എന്നിവയെത്തുടർന്ന് അച്ചടക്കനടപടികൾ നേരിടുകയും വീണ്ടും അതേ കുറ്റങ്ങൾ തന്നെ പതിവാക്കുകയും ചെയ്തുപോകുന്ന ശ്രീ. റ്റി. ആർ. സജീവിനെ ഇനിയും സർവ്വീസിൽ തുടരുവാൻ അനുവദിക്കുന്നത് ആശാസ്യമല്ല.

മേൽ വിവരിച്ച സാഹചര്യത്തിൽ അനധികൃത മായി ജോലിയിൽനിന്നും വിട്ടുനിന്ന വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ .റ്റി.ആർ.സജീവിന്റെ നടപടി ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക രാഹിത്യവുമാണ്. 1968 ലെ കേരള പബ്ലിക് സർവ്വീസ് ആക്ടിന് എതിരാണെന്ന് കണ്ട് പരാമർശം (14) കാരണം കാണിക്കൽ നോട്ടീസിൽ താൽക്കാലികമായി തീരുമാനിച്ച സർവ്വീസിൽ നിന്നും നീക്കം ചെയ്യുക എന്ന താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി 1960 ലെ കേരളാ സർവ്വീസസ് ചട്ടങ്ങൾ (തരംതിരിക്കലും, നിയന്ത്രണവും , അപ്പീലും )റൂൾ 11(vii) പ്രകാരം സർവ്വീസിൽ നിന്നും ടിയാനെ 11.08.2016 തീയതി അപരാഹ്നം പ്രാബല്യത്തിൽ നീക്കം ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

സുരേഷ് എം.എസ്.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
ഇടുക്കി. (ഇൻ.ചാർജ്ജ്)

നല്കുന്നത് :

1. ശ്രീ.റ്റി.ആർ.സജീവ്, തൊട്ടിയിൽ വീട്, പടിഞ്ഞാറേകോടിക്കുളം

പകർപ്പ്:

1. സെക്രട്ടറി, വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്.(ഉത്തരവിന്റെ 3 പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഉത്തരവ് സേവനപുസ്തകത്തിൽ രേഖപ്പെടുത്തൽ വരുത്തി ഉത്തരവ് നടപ്പിൽ വരുത്തുന്നതിനും ഉത്തരവിന്റെ പകർപ്പ് സേവനപുസ്തകത്തിൽ പതിക്കുന്നതിനും )
2. സെക്രട്ടറി, കാന്തല്ലൂർ ഗ്രാമപഞ്ചായത്ത്
3. ബഹു.പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
4. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,ഇടുക്കി. (അറിവിലേയ്ക്കായി)
5. ഡയറക്ടർ, ഐ.കെ.എം.(വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി )
6. എ 3 സെക്ഷൻ, ഡി.ഡി.പി.ഓഫീസ്
7. കരുതൽ / അധികം